بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 27.09.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

# തിരുനബി ചരിത്രം: അഹ്സാബ് യുദ്ധം - 4

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ الرَّحۡمٰنِ الرَّحِيۡمِ ۝ مٰلِكِ يَوۡمِ الدِّيۡنِ ۝ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

അഹ്സാബ് യുദ്ധത്തിൽ എന്താണ് സംഭവിച്ചതെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിശദീകരിച്ചിട്ടുണ്ടെന്ന് ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞിട്ടുണ്ടായിരുന്നു. അദ്ദേഹം പറയുന്നു: മദീനയിലെ കുറെ ഭാഗങ്ങൾ കിടങ്ങുള്ളത് കൊണ്ട് സുരക്ഷിതമായിരുന്നു, മറുവശത്ത് കുന്നിൻ മലകളും ചില ഉറച്ച കെട്ടിടങ്ങളും തോട്ടങ്ങളും ഉണ്ടായിരുന്നു. അതിനാൽ സൈന്യത്തിന് പെട്ടെന്ന് ഒരു ആക്രമണം നടത്താൻ കഴിയുമായിരുന്നില്ല.

അവിശ്വാസികൾ കൂടിയാലോചനക്ക്ശേഷം മദീനയിൽ ബാക്കിയായിട്ടുള്ള യഹൂദികളുടെ ഗോത്രമായ ബനുഖുറൈസയെ എങ്ങനെയെങ്കിലും തങ്ങളുടെ കൂടെ ചേർക്കണമെന്ന് തീരുമാനമെടുത്തു. അതു മുഖേന മദീനയിക്കുള്ള വഴി എളുപ്പമാകും. ബനുനദീറിന്റെ നേതാവായ ഹുയ്യയ് ബിൻ അഖ്തബിനെ, ബനൂ ഖുറൈസയെ തങ്ങളുമായി ചേർക്കുന്നതിന്‌വേണ്ടി നിയോഗിക്കുകയുണ്ടായി. ആദ്യം ബനുനദീറിന്റെ നേതാക്കന്മാർ അതിന് വിസമ്മതിച്ചു എങ്കിലും ഹുയ്യയ് ബിൻ അഖ്തബിന്റെ വഞ്ചനയിൽപെട്ട് അവസാനം കരാർ ലംഘനത്തിന് അവർ തയ്യറായി. ബനു ഖുറൈസ മുസ്‌ലിങ്ങളുമായി സൗഹൃദത്തിൽ ആയിരുന്നു. അതുകൊണ്ടുതന്നെ അവർ തുറന്ന നിലയിൽ യുദ്ധത്തിൽ തങ്ങളുടെ ഒപ്പം പങ്കെടുത്തില്ലെങ്കിൽ പോലും അവരുടെ ഭാഗത്തുനിന്ന് ആരും മദീനയെ ആക്രമിക്കുകയില്ല എന്നായിരുന്നു മുസ്‌ലിങ്ങൾ കരുതിയത്. അതുകൊണ്ടു തന്നെ അവരുടെ ഭാഗത്തുള്ള പ്രദേശത്തെ പ്രത്യേകിച്ച് ഒരു സംരക്ഷണവും കൂടാതെ ഒഴിവാക്കിയിരുന്നു. ബനു ഖുറൈസയുടെ, ശത്രുക്കളുമായി കൂടിച്ചേർന്ന് മദീനക്കുമേലുള്ള ആക്രമണം വലിയ അപകടമായിരുന്നു. ഏതായിരുന്നാലും ഈ അവസരത്തിൽ മുസ്‌ലിംകളുടെ ആശങ്ക സ്വാഭാവികമായിരുന്നു. അതിനെ പ്രതിരോധിക്കാനുള്ള പരിശ്രമവും അനിവാര്യമായിരുന്നു. അതുകൊണ്ട് മദീനയുടെ സംരക്ഷണത്തിനുവേണ്ടി 500 പേരെ നിശ്ചയിക്കാൻ തിരുനബി(സ) തീരുമാനിച്ചു. ബനൂ ഖുറൈസ ഉടമ്പടി ലംഘിച്ചത് സംബന്ധിച്ച അറിവ് മുസ്‌ലിംകൾക്ക് ലഭിച്ചപ്പോൾ അവരുടെ ഭയം വർദ്ധിച്ചു. സ്ത്രീകളെയും കുട്ടികളെയും സംബന്ധിച്ച് ആശങ്കയായി. ഇതേക്കുറിച്ച് അറിയിപ്പ് ലഭിച്ചപ്പോൾ നബി(സ) ഹദ്റത്ത് സൽമാ ബിൻ അസലമയെ 200 പേരോടൊപ്പവും ഹദ്റത്ത് സൈദ് ബിൻ ഹാരിസയെ 300 ആളുകൾക്കൊപ്പവും മദീനയുടെ സംരക്ഷണത്തിനുവേണ്ടി അയക്കുകയുണ്ടായി. എന്നിട്ട് പറഞ്ഞു; രാത്രി സമയത്ത് വ്യത്യസ്ത സ്ഥലങ്ങളിൽ കാവൽ നിൽക്കണം. ഇടയ്ക്കിടെ അല്ലാഹു അക്ബർ എന്ന എന്ന തക്ബീർ വിളിക്കുകയും വേണം.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇതിനെ വിശദീകരിച്ചുകൊണ്ട് എഴുതുന്നു. ഈ ഒരു അവസ്ഥയുടെ യാഥാർത്ഥ്യം ഒരു ബുദ്ധിമാനായ ആളിൽനിന്നും ഗോപ്യമായിരുന്നില്ല. നിസ്സഹായരായ മുസ്‌ലീങ്ങളിൽ കഠിനമായ അസ്വസ്ഥതയും പരിഭ്രാന്തിയും ഉണ്ടാക്കി. മുനാഫിക്കീങ്ങൾ തിരുനബി(സ)യുടെ സവിധത്തിൽ എത്തി പറഞ്ഞു: യാ റസൂലല്ലാഹ്! പട്ടണത്തിൽ ഞങ്ങളുടെ വീടുകൾ തികച്ചും അരക്ഷിതാവസ്ഥയിൽ ആണുള്ളത്. ഞങ്ങൾക്ക് വീടുകൾക്കുള്ളിൽ ഇരുന്നുകൊണ്ട് അവയെ സംരക്ഷിക്കാൻ അനുമതി തന്നാലും. അതിനുള്ള മറുപടിയായി وَمَا هِیَ بِعَوۡرَۃٍ ۚ اِنۡ یُّرِیۡدُوۡنَ اِلَّا فِرَارًا എന്ന അല്ലാഹുവിന്റെ ദിവ്യ വെളിപാട് അവതരിച്ചു. അതായത് അവരുടെ വീടുകൾ അരക്ഷിതാവസ്ഥയിൽ ആണെന്ന അവരുടെ ധാരണ അസ്ഥാനത്ത് ആകുന്നു.

മറിച്ച് അവർ രണാങ്കണത്തിൽനിന്ന് ഓടിപ്പോകുന്നതിനു വഴി അന്വേഷിക്കുന്നവരാണ്. അത്തരം ഭയാനകമായ ഘട്ടത്തിലും ബലഹീനരും മുനാഫിഖീങ്ങളും ഒക്കെ അടങ്ങിയ മുസ്‌ലിംകളുടെ ചെറിയ സംഘത്തിന് എങ്ങനെയാണ് പൊരുതാൻ കഴിയുക? പലപ്പോഴും അവസ്ഥകൾ വളരെ സങ്കീർണ്ണമായിട്ടുണ്ടായിരുന്നു. ഏതെങ്കിലും ദുർബല ഘട്ടത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് അവിശ്വാസികളുടെ സൈന്യം പട്ടണത്തിന്റെ അതിരുകൾ ഭേദിക്കുമെന്നുവരെ തോന്നിയിരുന്നു. അവരുടെ ആക്രമണത്തെ മുസ്‌ലിംകൾ പൊതുവിൽ അമ്പുകൾ മുഖേനയാണ് നേരിട്ടുകൊണ്ടിരുന്നത്.

ആ ദിവസങ്ങൾ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വളരെയേറെ പ്രയാസങ്ങളും അസ്വസ്ഥതകളും അപകടങ്ങളും ഉള്ള ദിവസങ്ങളായിരുന്നു. ഈ അവസ്ഥകൾ കണ്ടപ്പോൾ നബി(സ) സഅദു ബിനു മആദിനെയും സഅദു ബിനു ഉബാദയെയും വിളിച്ച് പറഞ്ഞു: നിങ്ങൾ ആഗ്രഹിക്കുകയാണെങ്കിൽ ഗത്ഫാൻ ഗോത്രത്തിന് മദീനയിലെ വരുമാനത്തിൽനിന്ന് എന്തെങ്കിലും നൽകി യുദ്ധത്തെ ഒഴിവാക്കാവുന്നതാണ്. സഅദു ബിനു മആദും സഅദു ബിനു ഉബാദയും ഒരേ സ്വരത്തിൽ പറഞ്ഞു: ഞങ്ങൾ ശിർക്കിന്റെ കാലഘട്ടത്തിൽ ഒരിക്കൽപോലും ശത്രുവിന് എന്തെങ്കിലും കൊടുത്തിട്ടില്ല; എന്നിരിക്കെ മുസ്‌ലിങ്ങളായതിനു ശേഷം എന്തിനു നൽകണം? അല്ലാഹുവാണെ! ഞങ്ങൾ അവർക്ക് വാളിന്റെ മൂർച്ചയല്ലാതെ മറ്റൊന്നും കൊടുക്കാൻ ഉദ്ദേശിക്കുന്നില്ല. തിരുനബി(സ) അൻസാറുകൾ കാരണം വളരെയേറെ അസ്വസ്ഥനായിരുന്നു. അവരാണ് മദീനയിലെ യഥാർത്ഥ തദ്ദേശവാസികൾ. ഈ അഭിപ്രായം ആരായുന്നത് കൊണ്ട് തിരുനബിയുടെ ഉദ്ദേശവും ഈ പ്രയാസങ്ങളിൽ അവർ അസ്വസ്ഥരാണോ എന്ന അവരുടെ മാനസികാവസ്ഥ അറിയുക എന്നതായിരുന്നു. അഥവാ അവർ അസ്വസ്ഥരാണ് എങ്കിൽ അവർക്ക് സന്തോഷം നൽകേണ്ടതും അനിവാര്യമായിരുന്നു. ആയതിനാൽ സന്തോഷപൂർവ്വം സഅദുമാരുടെ ഈ അഭിപ്രായം (നബി) സ്വീകരിക്കുകയുണ്ടായി. യുദ്ധം തുടരുകയും ചെയ്തു.

ഈ സങ്കീർണാത്മകമായ അവസ്ഥ മുൻനിർത്തിക്കൊണ്ട് എല്ലാ സ്ഥലത്തും മുസ്‌ലീങ്ങൾ ഏർപ്പെടുത്തിയിരുന്ന ശക്തമായ കാവലിൽ തിരുനബി(സ)യും ഭാഗഭാക്കായിരുന്നു. മദീനയിൽ അന്ന് ശക്തമായ തണുപ്പുള്ള കാലമായിരുന്നു. അതിനു പുറമെ വിശപ്പിന്റെ പ്രയാസങ്ങളും ഉണ്ടായിരുന്നു. ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: (ആ സമയത്ത്) വളരെയധികം ക്ഷീണിതനായിരുന്ന തിരുനബി(സ) പറഞ്ഞു: ഏതെങ്കിലും ഒരു നല്ല മനുഷ്യൻ ഈ രാത്രി കാവലിന് വന്നെങ്കിൽ എത്ര നന്നായിരുന്നു! സഅദ് ബിനു അബീ വഖാസ് പറഞ്ഞു: ഞാൻ അങ്ങയുടെ സംരക്ഷണത്തിന് കാവൽ നിൽക്കാൻ വന്നതാണ്. നബി(സ) (തന്റെ സംരക്ഷണം മാറ്റിവെച്ചുകൊണ്ട്) പറഞ്ഞു: താങ്കൾ കിടങ്ങിന്റെ ദുർബലമായ ഇന്ന സ്ഥലത്തേക്ക് പോയി അവിടെ കാവൽ നിൽക്കുക. നബി(സ)യുടെ ജീവത്യാഗസന്നദ്ധരായ സ്വഹാബാക്കൾക്ക് നബി(സ)യോട് ഉണ്ടായിരുന്ന സ്നേഹവും കൂറും അത്ഭുതാവഹമായിരുന്നു. ഇങ്ങനെയൊക്കെയാണ് അവർ തങ്ങളെ സമർപ്പിച്ചിരുന്നത്! മറു ഭാഗത്ത് നബി(സ) തനിക്ക്മേൽ അവർക്ക് മുൻഗണന നൽകുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. തന്റെ ജീവനെക്കുറിച്ച് ആശങ്കയേതുമില്ലാതെ മദീനക്കാരെ സംബന്ധിച്ച വേവലാതി മാത്രമായിരുന്നു ആ ധൈര്യവാനുണ്ടായിരുന്നത്. അതുകൊണ്ട് അധിക സ്ഥലത്തും സ്വയം സന്നിഹിതനായിരുന്നു. ചിലപ്പോൾ പ്രത്യക്ഷത്തിൽ തന്റെ കൂടാരത്തിലേക്ക് വിശ്രമത്തിനു വേണ്ടി വന്നിരുന്നുവെങ്കിലും ഭൂരിഭാഗം സമയവും ദൈവസവിധത്തിൽ കുനിഞ്ഞുകൊണ്ട് പ്രാർത്ഥനാ നിരതരാകുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്.

ഈ യുദ്ധത്തിനിടയിൽ ഹദ്റത്ത് സഫിയ(റ)യുടെ ധീരതയെ സംബന്ധിച്ചുള്ള സംഭവവും കാണുന്നുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: തിരുനബി(സ) സ്ത്രീകളെയും കുട്ടികളെയും പൊതുവിൽ പട്ടണത്തിന്റെ കോട്ടപോലെ (സുരക്ഷിതമാ)യുള്ള ഒരു പ്രത്യേകഭാഗത്ത് ഒരുമിച്ചുകൂട്ടുകയുണ്ടായി. അവരുടെ സംരക്ഷണത്തിനുവേണ്ടി നിയോഗിക്കപ്പെട്ട പുരുഷന്മാർ ഏതെങ്കിലും വിധത്തിൽ യുദ്ധത്തിന് പങ്കെടുക്കാൻ കഴിവില്ലാത്തവർ (ബലഹീനർ) ആയിരുന്നു. അത്തരം സന്ദർഭത്തിൽ യഹൂദികൾ ചാരപ്പണിക്ക്വേണ്ടി തങ്ങളുടെ ഒരു ആളെ തൽപ്രദേശത്ത് അയക്കുകയുണ്ടായി. ആ സമയത്ത് യാദൃശ്ചികം എന്നേ പറയേണ്ടു, സ്ത്രീകളുടെ അടുത്ത് ഹസ്സാനുബിനു സാബിത്ത് എന്ന ഒരു സ്വഹാബി മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്ത്രീകൾ ആ യഹൂദി ശത്രുവിനെ സംശയാസ്പദമായ അവസ്ഥയിൽ തങ്ങളുടെ താമസ സ്ഥലത്തിനു ചുറ്റും കറങ്ങി നടക്കുന്നത് കണ്ടു.

അപ്പോൾ തിരുനബി(സ)യുടെ പിതൃ സഹോദരി സഫിയ ബിൻത് അബ്ദുൽ മുത്തലിബ് ഹസ്സാനോട് പറഞ്ഞു: അയാളെ വധിക്കുവിൻ, പക്ഷേ ഹസ്സാന് അതിന് ധൈര്യമുണ്ടായിരുന്നില്ല. അപ്പോൾ ഹദ്റത്ത് സഫിയ സ്വയം പുറത്തേക്കിറങ്ങി ആ യഹൂദിയെ നേരിട്ടു. അയാളെ അടിച്ചു കീഴ്പ്പെടുത്തി. അയാളുടെ തല അറുത്തെടുത്ത് യഹൂദികൾ ഒരുമിച്ചു കൂടിയിട്ടുള്ള സ്ഥലത്തേക്ക് എറിയാമെന്ന് തീരുമാനമായി. പിന്നെ ഒരിക്കലും യഹൂദികൾക്ക് മുസ്‌ലിം സ്ത്രീകൾക്ക് നേരെ ആക്രമണം നടത്താൻ ധൈര്യം ഉണ്ടാകരുത്. ഇവിടെ തങ്ങളുടെ സംരക്ഷണത്തിന് ഒരുപാട് ആളുണ്ടെന്ന് അവർ മനസ്സിലാക്കണം. (എന്നു കരുതിയാണ് ഇത് ചെയ്തത്) അങ്ങനെ ഈ ഉപായം പ്രയോജനപ്പെട്ടു. ആ സന്ദർഭത്തിൽ യഹൂദികൾ ഭയപ്പെട്ട് തിരിച്ചുപോകുകയും ചെയ്തു.

ഹദറത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതേക്കുറിച്ച് എഴുതുന്നു: അയാളെക്കുറിച്ച് അന്വേഷിച്ചു നോക്കിയപ്പോൾ അയാൾ യഹൂദിയാണെന്നും ബനൂ ഖുറൈസയുടെ ചാരനാണെന്നും മനസ്സിലായി. ആ സമയത്ത് മുസ്‌ലിങ്ങൾ കുറെ കൂടി ഭയപ്പെട്ടു. മദീനയുടെ പ്രസ്തുത ഭാഗവും സുരക്ഷിതമല്ല എന്ന് അവർ മനസ്സിലാക്കി. തിരുനബി(സ) സ്ത്രീകളുടെ സംരക്ഷണത്തിന് മുൻഗണന കൊടുത്തു; 1200 സൈനികരിൽനിന്ന് 500 പേരെ സ്ത്രീകളുടെ സംരക്ഷണത്തിനുവേണ്ടി പട്ടണത്തിന്റെ പ്രസ്തുത ഭാഗത്ത് നിയോഗിച്ചു. കിടങ്ങന്റെ സംരക്ഷണത്തിനും 18 ഇരുപതിനായിരം വരുന്ന സൈന്യത്തെ നേരിടുന്നതിനു കേവലം 700 സൈനികർ മാത്രമാണ് ഉണ്ടായിരുന്നത്.

ഹദ്റത്ത് അലി(റ) അംറ്ബിനു അബ്ദൂദ്നെ വധിച്ചത് സംബന്ധിച്ചുള്ള വിവരണവും ലഭ്യമാണ്. അംറ് ബിന് അബ്ദുദ് അറബികൾക്കിടയിൽ ആയിരം പുരുഷന്മാർക്ക് സമമാണെന്ന് കരുതപ്പെട്ടിരുന്നു. (മുഹമ്മദ്(സ)യെ വധിക്കുന്നത് വരെയും താൻ തലയിൽ എണ്ണ തേക്കുന്നതല്ല എന്ന് ശപഥം ചെയ്തിരുന്ന) അയാൾ കിടങ്ങു മുറിച്ച് കടന്ന് അഹങ്കാരത്തോടുകൂടി ഇങ്ങനെ വിളിച്ചു പറഞ്ഞു: അല്ലയോ സ്വർഗം കാംക്ഷിക്കുന്നവരേ! വരുവിൻ നിങ്ങളെ ഞാൻ സ്വാർഗത്തിൽ എത്തിക്കാം, അതല്ലെങ്കിൽ നിങ്ങൾ എന്നെ നരകത്തിലേക്ക് അയക്കുവിൻ. അയാൾ രണ്ടാമതും മൂന്നാമതും വിളിച്ചു പറഞ്ഞപ്പോൾ തിരുനബി(സ) ഹദ്റത്ത് അലി(റ)ക്ക് തന്റെ തലപ്പാവ് കെട്ടിക്കൊടുക്കുകയും തന്റെ വാൾ നൽകുകയും അതിനുശേഷം ദുആ ചെയ്തു അലിയെ പറഞ്ഞയക്കുകയും ചെയ്തു. അലി മുന്നോട്ടു കുതിച്ച് അംറിനെ നേരിടുകയും അയാളെ വധിക്കുകയും ചെയ്തു. അംറ് കൊല്ലപ്പെട്ടതിനുശേഷം മറ്റു രണ്ടുപേരും ഓടിപ്പോയി. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉമറിന്റെ സഹോദരനായിരുന്ന ദിറാർ ബിൻ ഖത്താബ് പിന്തിരിഞ്ഞു ഓടുമ്പോൾ ഉമർ അയാളെ പിന്തുടരുകയുണ്ടായി. ദിറാർ പെട്ടെന്ന് നിന്നു. ഹദ്റത്ത് ഉമറിന്റെ നേർക്ക് അമ്പെയ്യാൻ ഒരുങ്ങിയെങ്കിലും ആക്രമിച്ചില്ല. ഹദ്റത്ത് ഉമറിനെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: ഞാൻ നിന്നെ ആക്രമിച്ചിട്ടില്ല എന്ന എന്റെ ഔദാര്യം നീ ഓർമ്മ വയ്ക്കണം. (അദ്ദേഹം ഈ ഔദാര്യം ഓർമ വെച്ചിട്ടുണ്ടാകാം.) അല്ലാഹുവിന്റെ ഔദാര്യം അയാൾക്ക് ഉണ്ടായി. മക്കാ വിജയ സമയത്ത് ദിറാർ ഇസ്‌ലാം സ്വീകരിച്ചു. പിന്നെ ഇസ്‌ലാമിക യുദ്ധങ്ങളിൽ പങ്കെടുത്ത് നല്ല പോലെ ധീരത പ്രകടിപ്പിച്ചു. യമാമ യുദ്ധത്തിൽ ശഹാദത്ത് വരിച്ചു. ചിലരുടെ വീക്ഷണത്തിൽ ശഹാദത്ത് വരിക്കുകയല്ല ചെയ്തത് മറിച്ച് നീണ്ടകാലം ജീവിച്ചതിനുശേഷം മുസ്‌ലിമായി തന്നെ മരിക്കുകയാണ് ഉണ്ടായത്.

അംറ്ബിനു അബ്ദൂദ് അല്ലെങ്കിൽ ചില നിവേദനങ്ങൾ അനുസരിച്ച് നൗഫൽ ബിൻ അബ്ദുല്ല കൊല്ലപ്പെട്ട സന്ദർഭത്തിൽ മുശിരിക്കീങ്ങൾ അയാളുടെ മൃതദേഹം തിരിച്ചു തരുന്നതിന് നബി(സ)യുടെ സവിധത്തിൽ അപേക്ഷിച്ചു. മൃതദേഹത്തിന് പകരമായി തങ്ങൾ പതിനായിരം ദിർഹം നൽകാൻ തയ്യാറാണെന്നും അറിയിച്ചു. അവർ ഉഹുദ് യുദ്ധാവസരത്തിൽ മുസ്‌ലിം നേതാക്കന്മാരുടെ എന്തിനധികം തിരുനബി(സ)യുടെ പിതൃവ്യന്റെ മൂക്കും കാതുമെല്ലാം ഛേദിച്ചിരുന്നു. അതേപോലെ ഇന്ന് മുസ്‌ലിംകൾ തങ്ങളുടെ നേതാവിന്റെ മൂക്കും കാതുമെല്ലാം ഛേദിച്ചുകൊണ്ട് തങ്ങളുടെ ജനതയെ അപമാനിക്കുമെന്ന് അവർ കരുതി. എന്നാൽ ഇസ്‌ലാമിന്റെ കൽപ്പനകൾ തികച്ചും മറ്റൊന്നായിരുന്നു. ഇസ്‌ലാം മൃതദേഹങ്ങളെ അനാദരിക്കുന്നതിന് അനുമതി നൽകുന്നില്ല. അങ്ങനെ അവിശ്വാസികളുടെ സന്ദേശം തിരുനബി(സ)യുടെ സവിധത്തിൽ എത്തിയപ്പോൾ തിരുനബി(സ) പറഞ്ഞു: ഈ ശവശരീരത്തെ ഞങ്ങൾ എന്തു ചെയ്യാനാണ്? ഈ മൃതദേഹം ഞങ്ങൾക്ക് എന്തിനാണ്? ഞങ്ങൾ ഇതിന് പകരം നിങ്ങളിൽനിന്ന് ഒരു വിലയും ഈടാക്കുന്നില്ല. നിങ്ങൾ വളരെ താല്പര്യത്തോടെ കൂടി എടുത്തുകൊണ്ടു പോവുക. ഞങ്ങൾക്ക് ഇതുമായി ഒരു ബന്ധവുമില്ല.

(ഇതിന്റെ ബാക്കി വിശദീകരണങ്ങൾ പിന്നീട് പറയുന്നതാണ് ഇൻശാ അല്ലാഹ്.)

ഹുസൂർ തിരുമനസ്സ് ശാഖാ സംഘടനകളുടെ ഇജ്തിമകളെ പരാമർശിച്ചുകൊണ്ട് ഉപദേശിക്കുക യുണ്ടായി: ഈ ദിവസങ്ങളിൽ പ്രത്യേകമായും ദുആകളിലും സ്വലാത്ത് ചൊല്ലുന്നതിലും സമയം കൊടുക്കാൻ ശ്രദ്ധ ക്ഷണിക്കുകയാണ്. അല്ലാഹു നിങ്ങൾക്ക് എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. വിനോദ പരിപാടികളിലും വർത്തമാനങ്ങളിലും സമയം കളയുന്നതിന്ന് പകരം ഇജ്തിമയുടെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ശ്രമിക്കുക. അല്ലാഹു എല്ലാ നിലക്കും ഇത് അനുഗൃഹീതമാക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ-

* * * * * * *

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 27.09.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516